## പറമ്പിക്കുളം-ആളിയാർ പദ്ധതിവഴി സംസ്ഥാനത്തിനുണ്ടായിട്ടുള്ള നഷ്ടം

76 [1879] ശ്രീ. കെ. പി. രാജേന്ദ്രൻ:
" മാങ്കോട് രാധാകൃഷ്ണൻ:
" ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിയും അതിന്റെ കരാറും കേരളത്തിന് നഷ്ടം വരുത്തിയിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയിലെ കേരള പ്രതിനിധികൾ ആനമലയാറിലെ വെള്ളം വീണ്ടും തമിഴ്നാടിന് വിട്ടുകൊടുക്കുന്നതിനെ എതിർക്കാതിരുന്നതിന്റെ കാരണം അറിയിക്കാമോ;

(സി) പി.എ.പി. കരാർ ഷെഡ്യൂൾ 11 3(ബി) (1)-ൽ 1970 ജൂലായ് മുതൽ പത്തുവർഷം ജലലഭ്യതയെ സംബന്ധിച്ച് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് (ജെ.ഡബ്ല്യു.ആർ.ബി.) എടുക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ പത്താം വർഷം യഥാർത്ഥ കണക്കുകൾ തീരുമാനിച്ച് അംഗീകരിക്കുമെന്ന് വ്യക്തമാക്കിയിരുന്നെങ്കിലും പറമ്പിക്കുളം ഗ്രൂപ്പ് നദികളിലെ ജലലഭ്യത കുറവായിട്ടും കേരളത്തിനു വെള്ളം ലഭിക്കാതിരുന്നിട്ടും കരാറിലെ വ്യവസ്ഥയുടെ ആനുകൂല്യം നേടാൻ കഴിയാതിരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കരാർ വ്യവസ്ഥകളിൽ ലോവർ നീരാറിലെ വെള്ളം പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളോട് ചേർത്ത് കണക്കാക്കുകവഴി ഈ വെള്ളത്തിന് തമിഴ്നാടിന് രണ്ട് തവണ അർഹത നേടിയത് കരാറിലുള്ള വ്യക്തമായ അപാകതയായതിനാൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) ഉണ്ട്. പറമ്പിക്കുളം-ആളിയാർ നദീജല കരാറിലെ ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നതുകൊണ്ടും തമിഴ്നാടിന്റെ അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ മൂലവും കേരളത്തിനു നഷ്ടം സംഭവിക്കുന്നുണ്ട്. കേരള ഷോളയാറിൽ തമിഴ്നാട് ജലനിരപ്പ് നിശ്ചിത തീയതികളിൽ നിശ്ചിത ലെവലിൽ നിലനിർത്താത്തതിനാൽ കേരളത്തിനു കോടിക്കണക്കിനു രൂപയ്ക്കുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള അവസരം നഷ്ടപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ലെവൽ നിലനിർത്താത്തതു കാരണം കഴിഞ്ഞ 30 വർഷത്തെ വൈദ്യുതി ഉൽപ്പാദന നഷ്ടം 67.6 ദശലക്ഷം യൂണിറ്റാണ് എന്ന് കണക്കാക്കിയിട്ടുണ്ട്. കൂടാതെ ഫെബ്രുവരി ഒന്നിന് കേരള ഷോളയാറിൽ ജലനിരപ്പ് നിശ്ചിത ലെവലിൽ തമിഴ്നാട് നിലനിർത്താത്തത് ചാലക്കുടി ബേസിനിലെ കൃഷിയേയും കുടിവെള്ള വിതരണത്തെയും സാരമായി ബാധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളം ഇപ്പോൾ തമിഴ്നാടിന് ആനമലയാറിൽ നിന്നും വെള്ളം വിട്ടുകൊടുക്കുന്നില്ല. കരാർ പ്രകാരം ഇടമലയാർ പദ്ധതിയുടെ പണി പൂർത്തിയായ ശേഷം കേരളം തമിഴ്നാടിന് ആനമലയാറിൽ നിന്നും 2.5 റ്റി.എം.സി. അടി ജലം ലഭ്യമാക്കേണ്ടതുണ്ട്.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ വ്യവസ്ഥ അനുസരിച്ച് 1970 മുതൽ പത്തുവർഷം പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിലെ ജലലഭ്യത കണക്കാക്കിയപ്പോൾ പ്രതീക്ഷിച്ച അളവിൽ ഈ ഡാമുകൾക്ക് യീൽഡ് ഇല്ല എന്ന് വ്യക്തമായിരുന്നു. യഥാർത്ഥത്തിലുള്ള ജലലഭ്യതയുടെ അടിസ്ഥാനത്തിൽ വിഭജനം സംബന്ധിച്ച് കരാർ വ്യവസ്ഥ പുനരവലോകനം ചെയ്ത് കേരളത്തിനർഹതപ്പെട്ട ജലം നേടിയെടുക്കാനുള്ള ശ്രമം അന്നുതന്നെ സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ട്. 1988-ൽ കേരളം തമിഴ്നാടിന് കൈമാറിയ മെമ്മോറാണ്ടത്തിലും തുടർന്നു നടന്ന എല്ലാ ചർച്ചകളിലും ഈ വിഷയം അടിയന്തിര പ്രാധാന്യത്തോടെ തന്നെ പരാമർശിച്ചിട്ടുണ്ട്. ഇപ്പോൾ നടക്കുന്ന കരാർ പുനരവലോകന ചർച്ചയിൽ ഈ വിഷയം സംബന്ധിച്ച് കേരളത്തിന് അനുകൂലമായ ഒരു തീരുമാനം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ബാഷ്പീകരണ നഷ്ടം കണക്കാക്കാൻ കരാറിൽ പറഞ്ഞിട്ടുള്ള സൂത്രവാക്യത്തിൽ ലോവർ നീരാറിലെ ജലം രണ്ടുതവണ കണക്കിലെടുത്തിട്ടുണ്ടെങ്കിലും യഥാർത്ഥത്തിലുള്ള ജലവിഭജനത്തിൽ ലോവർ നീരാറിലെ ജലം ഒരു പ്രാവശ്യം മാത്രമേ കണക്കിലെടുത്തിട്ടുള്ളൂ. ജലവിഭജനം സംബന്ധിച്ച വ്യവസ്ഥകളിലും സാമ്പത്തിക വ്യവസ്ഥകളിലും ഇത് തികച്ചും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ പതി പവർഹൗസിലൂടെ പുറത്തേക്കുവരുന്ന വെള്ളം അളന്നു തിട്ടപ്പെടുത്തി ജലവിഭജനം നടത്തുന്നതിനാൽ രണ്ടുതവണ തമിഴ്നാട് ലോവർ നീരാറിലെ വെള്ളത്തിന് അർഹത നേടുന്നില്ല.

## ഉൾനാടൻ മത്സ്യസമ്പത്ത്

77 [1880] ശ്രീ. കെ. എൻ. എ. ഖാദർ:
,, ടി. പി. എം. സാഹിർ:
,, സി. മമ്മൂട്ടി:
,, പി. കെ. കെ. ബാവ:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി കഴിഞ്ഞ മൂന്നു വർഷങ്ങളിലെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിച്ചത് സംബന്ധിച്ച കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly